ഉയർത്താൻ നിശ്ചയിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്കിലെ സി.എച്ച്.സി. കടമ്പഴിപ്പുറം, സി.എച്ച്.സി. ചെർപ്പുളശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും സി.എച്ച്.സി. കടമ്പഴിപ്പുറം എന്ന സ്ഥാപനത്തെ ആണ് 20-3-2020-ലെ സ.ഉ(ആർ.റ്റി)നം.619/2020/ എച്ച്&എഫ് ഡബ്യൂ പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ അഞ്ച് അസിസ്റ്റന്റ് സർജനും ഒരു ഡെന്റൽ സർജനുമാണുള്ളത്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

153 (1517) ശ്രീ. പി. വി. ശ്രീനിജിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളതെന്നറിയിക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

1. പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം
2. പ്രാഥമികാരോഗ്യകേന്ദ്രം, മഴുവന്നൂർ
3. പ്രാഥമികാരോഗ്യകേന്ദ്രം, തിരുവാണിയൂർ
4. പ്രാഥമികാരോഗ്യകേന്ദ്രം, വാഴക്കുളം
5. പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല
6. പ്രാഥമികാരോഗ്യകേന്ദ്രം, പട്ടിമറ്റം
7. പ്രാഥമികാരോഗ്യകേന്ദ്രം,പൂതൃക്ക

ഇതിൽ മഴുവന്നൂർ, വാഴക്കുളം, തിരുവാണിയൂർ എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരമുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ എർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു:

1. വൈകിട്ട് 6 മണിവരെ ഒ.പി., ഫാർമസി സേവനം

2. ഇ-ഹെൽത്ത് രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഒ. പി ചികിത്സ

3. ഒ.പി.-യിൽ ടോക്കൺ സംവിധാനം

4. ലാബ് സൗകര്യം

5. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വെയിറ്റിംഗ് ഏരിയ, ശുദ്ധജലം ലഭിക്കുന്നതിനുള്ള സൗകര്യം

6. ജീവിതശൈലീ രോഗ ക്ലിനിക്കുകൾ

7. ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ.

(സി) കുന്നത്തുനാട്ടിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ?

1. കുടുംബാരോഗ്യ കേന്ദ്രം, മഴുവന്നൂർ

അസിസ്റ്റന്റ് സർജൻ-1,

സ്റ്റാഫ് നഴ്സ്-2,

ലാബ് ടെക്നീഷ്യൻ-1,

ഫാർമസിസ്റ്റ്-1.

2. കുടുംബാരോഗ്യകേന്ദ്രം, വാഴക്കുളം

അസിസ്റ്റന്റ് സർജൻ-1,

സ്റ്റാഫ് നഴ്സ് - 2,

ലാബ് ടെക്നീഷ്യൻ-1,

ഫാർമസിസ്റ്റ്-1.

3. പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം

അസിസ്റ്റന്റ് സർജൻ -1.

4. പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല

അസിസ്റ്റന്റ് സർജൻ -1,

ലാബ് ടെക്നീഷ്യൻ -1.